**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1202 10.08.2017 ൽ മറുപടിക്ക്

**ഡി ഗ്രേഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകൾ**

**ചോദ്യം**

**ശ്രീ. പി.ടി.എ.റഹീം**

**മറുപടി**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഡി ഗ്രേഡ് കോളേജുകളിൽ അനദ്ധ്യാപക തസ്തികകൾ നിശ്ചയിച്ചു കൊണ്ട് G.O.(MS)No.60/2016/HE തീയതി 29-2-2016 നമ്പർ ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചുകൊണ്ട് G.O.(MS) 60/2016/ഉ.വി.വ. തീയതി 29-2-2016 പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവിന് തുടർച്ചയായി ഓരോ കോളേജിലും നിലവിലുള്ള കോഴ്സുകളുടെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും അടിസ്ഥാനമാക്കി സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടപടിക്രമം പുറപ്പെടുവിച്ചുവരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട 173/D3/2017/HE നമ്പർ ഫയലിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ? | (ബി) | G.O.(MS) 60/2016/ഉ.വി.വ. തീയതി 29-2-2016 എന്ന ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടും, ഈ ഉത്തരവിന് മുമ്പ് നിലനിന്നിരുന്ന 'ഡി', 'ഇ' ഗ്രേഡ് കോളേജുകളെ പുതിയ സ്റ്റാഫ് പാറ്റേണിൽ 'ഡി' ഗ്രേഡ് എന്ന ഒറ്റ ഗ്രേഡിലേക്ക് മാറ്റിയതിനെ തുടർന്ന് ഉണ്ടായിട്ടുള്ള ചില അനോമലികൾ ചൂണ്ടിക്കാട്ടികൊണ്ടും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ സമീപിച്ചതു പ്രകാരം ഈ വിഷയം ഇപ്പോൾ 173/D3/2017/HEdn എന്ന ഫയലിൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ